(ബി) ഓണത്തോടനുബന്ധിച്ച് നടത്തുന്ന ഐ.ആർ.ഡി.പി. മേളകൾ ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. പ്രാദേശിക ഉൽസവങ്ങളിലും അതാത് ഡി.ആർ.ഡി.എ. യുടെ ആഭിമുഖ്യത്തിൽ മേളകൾ സംഘടിപ്പിക്കാറുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ മേളകൾ സംഘടിപ്പിക്കാൻ തൽക്കാലം ഉദ്ദേശമില്ല.

21 (3474) അഞ്ചൽ ബ്ലോക്കിലെ റോഡുകൾ

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചൽ ബ്ലോക്കിന്റെ പരിധിയിൽപ്പെട്ട എത്ര റോഡുകളുടെ പണി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഏതൊക്കെ റോഡുകൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചൽ ബ്ലോക്കിൽ ആർ.ഐ.ഡി.എഫ്. 113 ൽ ഒരു റോഡും ആർ.ഐ.ഡി.എഫ്-ൽ നാലു റോഡുകളും നബാർഡു സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആർ.ഐ.ഡി.എഫ്- 111 ൽ കയ്പ്പള്ളി അസുരമംഗലം റോഡ്- 18.58 ലക്ഷം രൂപ. ആർ.ഐ.ഡി.എഫ് – 4 ൽ

1.	കണ്ണംകോട് പൂമയം കമരനല്ലൂർ കാഞ്ഞിരംകുഴി റോഡ്	20.90 ലക്ഷം രൂപ
2.	തടിക്കാട് കൊക്കാട് പറങ്കിമാം മുകൾ പ്ലാമൂട് വരെ	14 ലക്ഷം രൂപ
3.	വയക്കൽ ഒഴുകുപാറ റോഡ്	13 ലക്ഷം രൂപ
4.	ആലംചേരി പാണയം റോഡ്	11.65 ലക്ഷം രൂപ

22 (3475) ഡാലി പാലത്തിന്റെ നിർമ്മാണം

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചൽ ബ്ലോക്കിന്റെ പരിധിയിൽപ്പെട്ട കുളത്തൂപ്പുഴ പഞ്ചായത്തിലെ ഡാലി പാലത്തിന്റെ പണി ആരംഭിച്ചത് എന്നാണ്;

(ബി) ഏത് സ്കീമിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനം നടത്തുന്നത്;

(സി) ഈ പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) ഈ പാലത്തിന്റെ നിർമ്മാണപ്രവർത്തനം നിർത്തിവയ്ക്കുവാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പാലത്തിന്റെ പണി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി ഈ പാലത്തിന്റെ പണി പൂർത്തിയാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 20.12.1994-ൽ

(ബി) പശ്ചിമഘട്ട വികസന പരിപാടിയിൽ (വെസ്റ്റേൺ ഗട്ട് ഡെവലപ്മെന്റ് പ്രോഗ്രാം) ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണപ്രവർത്തനം നടത്തുന്നത്.

(സി) 4 ലക്ഷം രൂപ.

(ഡി) 7.3.95-ൽ പ്രസ്തുത പണിയുടെ കൺവീനർ 1,49,504 രൂപയുടെ പാർട്ട്ബിൽ കൈപ്പറ്റിയതിനുശേഷം യാതൊരു കാരണവും കൂടാതെ പണി ഉപേക്ഷിച്ചു പോയതാണ് പണി മുടങ്ങുവാൻ കാരണം.

(ഇ) ഉണ്ട്.

(എഫ്) പ്രസ്തുത നിവേദനത്തിൻമേൽ കൊല്ലം ജില്ല ഗ്രാമവികസന ഏജൻസി പ്രോജക്ട് ഓഫീസർ നൽകിയ റിപ്പോർട്ട് പരിശോധിക്കുകയും കൂടുതൽ വിശദീകരണം നൽകുവാനായി പ്രോജക്ട് ഓഫീസറോട് ആവശ്യപ്പെട്ടിരിക്കയുമാണ്.

(ജി) പാലംപണി പൂർത്തിയാക്കുന്നതിനായി ഗ്രാമവികസന വകുപ്പിന് പ്രത്യേകമായ പദ്ധതികളൊന്നുമില്ല. അഞ്ചൽ ബ്ലോക്കിന്റെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പണി പൂർത്തീകരിക്കുന്ന കാര്യം ബ്ലോക്ക് പഞ്ചായത്തിന് പരിഗണിക്കാവുന്നതാണ്.

23 (3476) കൊയിലാണ്ടി മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി, പയ്യോളി, തുറയൂർ, കീഴരിയൂർ ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ ഉറപ്പുപദ്ധതിയിൽ എതെല്ലാം പ്രവൃത്തികൾ കഴിഞ്ഞ 3 വർഷക്കാലത്തിനുള്ളിൽ പൂർത്തിയായിട്ടുണ്ട്;

(ബി) പൂർത്തിയാക്കാത്ത പദ്ധതികൾ ഏതെല്ലാം;

(സി) ആകെ എത്ര രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly